**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1325 | 11.02.2016-ൽ മറുപടിയ്ക്ക്

## സ്പീഡ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസഫ് വാഴയ്ക്കൻ**<br>**,, ഹൈബി ഈഡൻ**<br>**,, ഷാഫി പറമ്പിൽ**<br>**,, സി.പി.മുഹമ്മദ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് 22.02.2014-ലെ ജി.ഒ.(എം.എസ്.)നം.18/14/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ഇവയിൽ ഉൾപ്പെട്ട കോഴിക്കോട് ദേശീയപാത ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയായി. രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടുത്തുകവല-കറുകച്ചാൽ റോഡ്, പാലാരിവട്ടം ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**